# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1269

30.01.2018-ന് മറുപടിയ്ക്ക്

## മാരായമുട്ടം ഹയർ സെക്കണ്ടറി സ്കൂളിനെ ഇന്റർനാഷണൽ സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മാരായമുട്ടം ഹയർ സെക്കണ്ടറി സ്കൂളിനെ ഇന്റർനാഷണൽ സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കൊല്ലം ഏതെങ്കിലും സ്കൂളുകളെ അന്താരാഷ്ട്ര പദവിയിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) ടി സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളെ മോഡൽ സ്കൂളുകളായി ഉയർത്തുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം അക്കാദമിക നിലവാരവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി. കുട്ടികൾ കൂടുതലുള്ളതും, നിലവിൽ |

കെട്ടിടങ്ങൾ ഉള്ളതുമായ സ്കൂളുകളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളുടെ വികസനത്തിനും കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കിക്കൊണ്ട് അക്കാദമിക മികവ് കൈവരിക്കുന്നതിനും ഊന്നൽ നൽകുന്ന വിദ്യാഭ്യാസ പദ്ധതിക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും മാരായമുട്ടം ഗവ.ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ